"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരൂർ നഗരസഭ - കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷയുമായി ബന്ധപ്പെട്ട PW3-265/2022 നമ്പർ ഫയലിലെ ക്രമക്കേട് - ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് - നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി , ശ്രീമതി സിനി ടി.എൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി - ശ്രീ.ഷെറി ജി സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.877/2026/LSGD തീയതി,തിരുവനന്തപുരം, 10-04-2026

പരാമർശം:-
1. 05.08.2025 തീയതിയിലെ സ.ഉ(സാധാ) നം. 1935/2025/LSGD
2. ശ്രീ.ഷെറി ജി സമർപ്പിച്ച 23.10.2025 തീയതിയിലെ അപ്പീൽ അപേക്ഷ.
3. മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 23.12.2025 തീയതിയിലെ LSGD/JD/MPM/1107/2025-H3 നമ്പർ കത്തും അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർ തിരൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 02.11.2023 തീയതിയിൽ പരിശോധന നടത്തി സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ, പ്രസ്തുത പരിശോധനയിൽ ശ്രീ.നൗഷാദലി & ശ്രീ.അബ്ദുൽ ഹമീദ് എന്നിവർ 02/11/2022 തീയതിയിൽ സമർപ്പിച്ച കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷയുമായി ബന്ധപ്പെട്ട PW3-265/2022 എന്ന ഫയലിൽ ക്രമക്കേട് കണ്ടെത്തിയതായും നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി, ശ്രീമതി. സിനി ടി.എൻ എന്നിവരിൽനിന്നും വിശദീകരണം തേടാവുന്നതാണെന്നും ശിപാർശ ചെയ്ത് റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

2. ടി വിഷയത്തിൽ PW3-265/2022 നമ്പർ ഫയലിൽ നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട കെട്ടിടത്തിൽ നിലനിൽക്കുന്ന രണ്ട് അപാകതകളിൽ ചട്ട പ്രകാരം സ്പഷ്ടീകരണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടും നിബന്ധനകളോടെ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് പെർമിറ്റ് ഫീ ഈടാക്കുന്നതിന് ഉത്തരവിട്ട തിരൂർ നഗരസഭാ സെക്രട്ടറി ശ്രീ.ഷെറി ജി-യ്ക്കെതിരെയും കെ.എം.ബി.ആർ. ചട്ടം 29, 36(4) എന്നിവയിൽ സ്പഷ്ടീകരണത്തിനായി ചട്ടം 109 പ്രകാരം സർക്കാരിലേക്ക് കത്ത് നൽകുന്നതിന് ഫയലിലെ നിർദ്ദേശപ്രകാരം തുടർനടപടി സ്വീകരിക്കാതിരിക്കുകയും ഫയൽ വ്യക്തമായി പരിശോധിക്കാതെ കെട്ടിട നിർമ്മാണാനുമതി ഓൺലൈനായി അനുവദിക്കുകയും, പ്ലാനും അനുബന്ധ രേഖകളുടെയും ഹാർഡ്കോപ്പി ഒപ്പുവെച്ച് നൽകാതിരിക്കുകയും ചെയ്ത നഗരസഭാ സെക്രട്ടറി ശ്രീമതി സിനി ടി.എൻ-നെ എതിരെയും വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി, ശ്രീമതി സിനി ടി.എൻ എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി.

3. കുറ്റാരോപണ മെമ്മോ/പത്രിക-യ്ക്ക് ശ്രീ.ഷെറി ജി, ശ്രീമതി സിനി ടി.എൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും പരിഗണിച്ച് KCS(CC&A) Rules 16 പ്രകാരം അച്ചടക്ക നടപടി ശ്രീ.ഷെറി.ജി 31.05.2025 തീയതിയിൽ സേവനത്തിൽനിന്നും വിരമിച്ചതിനാൽ KSR Part III ചട്ടം 59 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാവുന്നതാണെന്നും ശ്രീമതി സിനി ടി.എൻ-ന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റ് മൂന്ന് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

4. അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശം (1)-ലെ ഉത്തരവിനെതിരെ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഷെറി ജി പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ

സമർപ്പിച്ചിരുന്നു. അച്ചടക്ക നടപടിയ്ക്ക് കാരണമായ കെട്ടിടവുമായി ബന്ധപ്പെട്ട വിഷയം 05/09/2024 ലെ ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത അദാലത്തിൽ പരിശോധിച്ചിട്ടുള്ളതാണെന്നും ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത അദാലത്തിലെ തീരുമാനം അവഗണിച്ചാണ് ഉദ്യോഗസ്ഥർ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ അച്ചടക്ക നടപടി തീർപ്പാക്കി കൊണ്ടുള്ള ഉത്തരവിലെ ഗുരുതര വീഴ്ച കണ്ടെത്തിയെന്നുള്ള പരാമർശം ഒഴിവാക്കി തുടർനടപടികളിൽ നിന്നൊഴിവാക്കി ഉത്തരവുണ്ടാകണമെന്ന് ടിയാൻ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല അദാലത്തിൽ, ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലും അഭിപ്രായങ്ങൾ പരിഗണിച്ചും പെർമിറ്റ് നൽകാൻ നിർദ്ദേശം നൽകിയ വിഷയമാണെന്നതിനാലും അദാലത്തിലെ തീർപ്പ് നടപ്പാക്കുന്ന നിയമാനുസൃത ചുമതലയാണ് സെക്രട്ടറിമാർ നിറവേറ്റിയതെന്നതിനാലും നിയമാനുസൃത ചുമതല നിറവേറ്റിയ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ ഇന്റേണൽ വിജിലൻസ് റിപ്പോർട്ട് സൃഷ്ടിച്ചതിലും അച്ചടക്ക നടപടിയെടുത്തതിലും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ ജോയിന്റ് ഡയറക്ടറോടും പ്രിൻസിപ്പൽ ഡയറക്ടറോടും ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച പരാമർശം 3 റിപ്പോർട്ടിൽ, ടി വിഷയം തദ്ദേശ അദാലത്തിൽ BPMPM60212000047 നമ്പർ അപേക്ഷയായി പരിഗണിച്ചിരുന്നതായും ആയത് പ്രകാരം കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോറിൽ നിന്നും ഗ്രൗണ്ടിലേക്കുള്ള റാമ്പ് 1:10 സ്ലോപ്പ് ലഭിക്കുന്ന രീതിയിൽ കാർ/ടു വീലർ പാർക്കിംഗ് അപേക്ഷകൻ ക്രമീകരിക്കേണ്ടതും LOADING AND UNLOADING SPACE FOR AREA ഒഴിവാക്കാവുന്നതാണ് എന്ന് മുമ്പ് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണെന്നും (KMBR ചട്ടം 29 (7) ) ആയതും KMBR ചട്ടം 36(2) പ്രകാരം എമർജൻസി എക്സിറ്റിലേക്കുള്ള ട്രാവൽ ഡിസ്റ്റൻസ് 30 മീറ്റർ ആയിരിക്കേണ്ടതാണെന്നും എന്നാൽ NBC യിലെ ഭേദഗതി പ്രകാരം ടി ട്രാവൽ ഡിസ്റ്റൻസ് 45 മീറ്ററായിട്ടുള്ളത് പരിഗണിച്ച് KMBR ചട്ടം 36(2) ലെ ട്രാവൽ ഡിസ്റ്റൻസ് 45 മീറ്ററാക്കി ചട്ട ഭേദഗതി പരിഗണിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യാൻ ജില്ലാതല തദ്ദേശ അദാലത്തിൽ തീരുമാനിച്ചിരുന്നതെന്നും ആയതിനാൽ ഈ വിഷയം ജില്ലാ തല തദ്ദേശ അദാലത്തിൽ പരിഗണിച്ചപ്പോൾ പെർമിറ്റ് നൽകുന്ന കാര്യം ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടില്ലെന്നും ചട്ടത്തിൽ വ്യക്തത വരുത്തുന്നതിന് സംസ്ഥാന സമിതിയിലേക്ക് ശിപാർശ ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഷെറി ജി സമർപ്പിച്ച അപ്പീൽ അപേക്ഷയുടെയും ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചട്ടത്തിലെ വ്യവസ്ഥ സംബന്ധിച്ച് പെർമിറ്റ് അനുവദിക്കുന്ന അധികാരിക്ക് അവ്യക്തത ഉണ്ടെങ്കിൽ മാത്രമേ ക്ലാരിഫിക്കേഷൻ ആവശ്യപ്പെടേണ്ടതുള്ളൂ എന്നതിനാലും ക്ലാരിഫിക്കേഷൻ ചോദിച്ചില്ല എന്ന കാരണത്താൽ അച്ചടക്ക നടപടി സ്വീകരിച്ചത് ഉചിതമല്ല എന്നതിനാലും പെർമിറ്റ് അനുവദിച്ചതിൽ എന്തെങ്കിലും ചട്ട ലംഘനം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി, ശ്രീമതി.സിനി ടി.എൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ഉചിതമല്ല എന്ന് കാണുന്നു.

7. ആയതിനാൽ നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി, ശ്രീമതി.സിനി ടി.എൻ എന്നിവർക്കെതിരെ KCS(CC&A) Rules 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, ശ്രീ.ഷെറി.ജി 31.05.2025 തീയതിയിൽ സേവനത്തിൽനിന്നും വിരമിച്ചതിനാൽ KSR Part III ചട്ടം 59 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാവുന്നതാണെന്നും ശ്രീമതി സിനി ടി.എൻ-ന്റെ മൂന്ന് വാർഷിക ഇൻക്രിമെൻറ് മൂന്ന് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും, തീർപ്പാക്കിയ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് ടി ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ശ്രീ.ഷെറി.ജി സമർപ്പിച്ച അപ്പീൽ അപേക്ഷ ഇപ്രകാരം തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, മലപ്പുറം.
ശ്രീ. ഷെറി ജി, മുൻ നഗരസഭ സെക്രട്ടറി, തിരൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി. സിനി ടി.എൻ, നഗരസഭ സെക്രട്ടറി, തിരൂർ നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/24/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by Sonu Jacob
Date: 10-04-2026 19:34:23

സെക്ഷൻ ഓഫീസർ